(ബി) ഉണ്ട്. ഇടുക്കി, പത്തനംതിട്ട എന്നിവിടങ്ങളിൽ ഓരോ ഐ.ടി.സി. ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കൂടാതെ ആറ്റിപ്ര, ഹരിപ്പാട്, കാക്കാട്, ചിറ്റൂർ, കുറവങ്ങാട് എന്നീ സ്ഥലങ്ങളിലുള്ള വ്യവസായ പരിശീലന കേന്ദ്രങ്ങളിൽ സർവ്വേയർ ട്രേഡ് പുതിയതായി ആരംഭിച്ചിട്ടുണ്ട്. കുട്ടമലയിൽ ഒരു ഐ.റ്റി.സി. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുണ്ട്.

(സി) വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്†.

(ഡി) സ്വീകരിച്ചിട്ടുണ്ട്.

## പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമുള്ള വികസന പദ്ധതികൾ

21 (*199) ശ്രീ. നാലകത്ത് സൂപ്പി:
ശ്രീ. ഇസ്ഹാക് കുരിക്കൾ:
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതികാർക്കും പട്ടികവർഗ്ഗക്കാർക്കും അവരുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പദ്ധതികൾ എല്ലാവർക്കും ലഭ്യമാക്കുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനം ഉണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്താമോ ?

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) അനുബന്ധം I & II കാണുക†.

(ബി) ഉണ്ട്.

(സി) അനുബന്ധം 3 കാണുക†.

## ബാലവേല നിരോധിക്കാൻ നടപടി

22 (*200) ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബാലവേല നിലവിലുണ്ടോ ;

(ബി) എങ്കിൽ ഏതെല്ലാം രംഗങ്ങളിലാണ് ബാലവേല നിലവിൽ ഉള്ളത് ;

(സി) ഇപ്പോൾ ബാലവേലയിൽ ഏർപ്പെട്ടിട്ടുള്ളവർ എത്രപേർ ഉണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ഇപ്പോഴും ബാലവേല തുടരുന്നതിന്റെ കാരണമെന്ത് ;

---

† അനുബന്ധം II 'എ'

† അനുബന്ധം III & III 'എ'

LIBRARY ARCHIVES Kerala Legislative Assembly

# അനുബന്ധം III

**[1-3-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21(*199)-ന്റെ 'എ' ഉത്തരം ദയവായി കാണുക]**

## പട്ടികജാതി വികസനം

1. കുടിൽ വ്യവസായങ്ങളുടെ ശൃംഖലാ പദ്ധതി
2. സമൃദ്ധി കേന്ദ്രങ്ങളുടെ പുനരുദ്ധാരണം
3. പ്രീ-മെട്രിക് ഹോസ്റ്റലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
4. ഐ.ടി.ഐ/ഐ.റ്റി.സി. സർട്ടിഫിക്കറ്റുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ്
5. ദുരിതാശ്വാസ പദ്ധതി
6. പുറംപോക്കു നിവാസികളുടെ പുനരധിവാസ പദ്ധതി
7. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ രാജ്യങ്ങളിൽ ശാസ്ത്ര മാനേജ്മെന്റ് വിഷയങ്ങളിൽ ഉന്നത വിദ്യാഭ്യാസം നേടുന്നതിന് ഒന്നര ലക്ഷം രൂപ വരെ പലിശരഹിത വായ്പ നല്കുന്ന പദ്ധതി
8. ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള ധനസഹായ പദ്ധതി
9. സുവർണ്ണ ജൂബിലി, സമ്പൂർണ്ണ മൈത്രി ഭവന നിർമ്മാണ പദ്ധതി
10. ക്ലാർക്ക് കം ടൈപ്പിസ്റ്റ് അപ്രന്റീസ്ഷിപ്പ് പരിശീലനം
11. പോളിടെക്നിക്കുകളിലെ ഡി.സി.പി. കോഴ്സ് പൂർത്തിയാക്കിയ വനിതകൾക്ക് കംപ്യൂട്ടർ ട്രെയിനിംഗ് പരിശീലനം
12. ഹോൾട്ടി കൾച്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന 100 ബാങ്കുകളും സൂപ്പർമാർക്കറ്റുകളും സ്ഥാപിക്കൽ
13. ടാറ്റാ റ്റി/കോഫി വെന്റിംഗ് യൂണിറ്റ് 100 എണ്ണം സ്ഥാപിക്കൽ
14. കെ.എസ്.ഇ. കാറ്റിൽ ഫീഡിന്റെ 100 ഡീലർഷിപ്പ് യൂണിറ്റ് സ്ഥാപിക്കൽ
15. മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ
16. വർദ്ധിപ്പിച്ച വിദ്യാഭ്യാസ ആനുകൂല്യങ്ങൾ
17. കൃഷിഭൂമി വാങ്ങൽ പദ്ധതി
18. വിവിധ സ്വയംതൊഴിൽ പദ്ധതികൾ

LIBRARY ARCHIVES Kerala Legislative Assembly

## പട്ടികവർഗ്ഗ വികസനം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നടപ്പാക്കിയ പദ്ധതികളും അവയ്ക്കായി ഓരോ വർഷവും ചെലവായ തുകകളും

(ചെലവായ തുക)

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | 1996-97 | 1997-98 | 1998-99 | 1999-2000 | 2000-01 ജനുവരി വരെ |
|---|---|---|---|---|---|---|
| (1) | (2) | (3) | (4) | (5) | (6) | (7) |
| 1 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, ഇടുക്കി | 10.00 | 8.5 | 19.00 | 33.28 | 30.93 |
| 2 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, അട്ടപ്പാടി | 10.00 | 8.5 | 19.00 | 26.00 | 13.5 |
| 3 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, സൗത്ത് വയനാട് | 10.00 | 8.5 | 19.00 | 26.00 | 10.8 |
| 4 | അട്ടപ്പാടി ഹെൽത്ത് പ്രോജക്റ്റ് | .. | .. | 2.00 | 4.10 | .. |
| 5 | ഇടുക്കി ഹെൽത്ത് പ്രോജക്റ്റ് | .. | .. | .. | 2.00 | 0.55 |
| 6 | അസിസ്റ്റന്റ്സ് ഫോർ എൻറോൾമെന്റ് ഓഫ് ട്രൈബൽ ചിൽഡ്രൻ | .. | 5.00 | 4.75 | 5.00 | .. |
| 7 | റിപ്പയർ ഓഫ് ഹോസ്റ്റൽസ് | .. | .. | 9.98 | 15.00 | .. |
| 8 | പോസ്റ്റ് മെട്രിക് ഹോസ്റ്റൽസ് ഫോർ ട്രൈബൽസ് | .. | .. | .. | .. | .. |
| 9 | റിപ്പയർ ഓഫ് ഹോസ്റ്റൽസ് | .. | .. | .. | .. | .. |
| 10 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, പത്തനംതിട്ട | .. | .. | 16.25 | 24.00 | 24.08 |
| 11 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, തൃശ്ശൂർ | .. | .. | 16.25 | 25.50 | 32.0 |
| 12 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കണ്ണൂർ | .. | .. | 11.78 | 24.00 | 19.04 |
| 13 | മോഡൽ റസിഡൻഷ്യൽ സ്കൂൾ, കാസർഗോഡ് | .. | .. | 16.25 | 24.00 | 23.25 |
| 14 | ആശ്രമം സ്കൂൾ, പാലക്കാട് | .. | .. | 2.00 | 5.00 | 2.74 |

LIBRARY ARCHIVES Kerala Legislative Assembly

| (1) | (2) | (3) | (4) | (5) | (6) | (7) |
|---|---|---|---|---|---|---|
| 15 | ആശ്രമം സ്കൂൾ/മോഡൽ റെസിഡൻഷ്യൽ സ്കൂൾ ഫോർ പണിയൻസ് | .. | .. | .. | .. | 20.57 |
| 16 | റീഹാബിലിറ്റേഷൻ ഓഫ് ട്രൈബൽ ഫാമിലീസ് ലിവിംഗ് ഇൻ റിമോട്ട് ഏരിയാസ് | .. | .. | 2.00 | 5.00 | 19.12 |
| 17 | റീഹാബിലിറ്റേഷൻ ഓഫ് ട്രൈബൽ പുറംപോക്ക് ഡ്വല്ലേഴ്സ് | .. | .. | 5.26 | 7.00 | .. |
| 18 | പാക്കേജ് പ്രോഗ്രാം ഫോർ അടിയ, പണിയ ആന്റ് പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ്സ് | .. | .. | 34.73 | 15.00 | 11.98 |
| 19 | സപ്പോർട്ട് ഫോർ അഡീഷണൽ അപ്രന്റീസ്ഷിപ്പ് റ്റു ഐ.റ്റി.ഐ. പാസ്സ്ഡ് കാൻഡിഡേറ്റ് | .. | .. | 0.63 | .. | .. |
| 20 | സോഷ്യൽ ആക്ടിവിറ്റീസ് | .. | .. | 5.91 | 46.35 | 68.14 |
| 21 | വാട്ടർഷെഡ് സ്റ്റഡീസ് | .. | .. | 25.76 | 11.77 | 0.24 |
| 22 | പ്രിമിറ്റീവ് ട്രൈബൽ ഗ്രൂപ്പ് ഹൗസിംഗ് | .. | .. | .. | 90.44 | 8.6 |
| 23 | എം.ആർ.എസ്. പൂക്കോട് | .. | .. | .. | .. | 8.25 |
| 24 | അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ്സ് ഓഫ് എസ്.റ്റി. സ്റ്റുഡന്റ്സ് | .. | .. | .. | .. | 0.90 |
| 25 | പർച്ചേഴ്സ് ആന്റ് മെയിന്റനൻസ് ഓഫ് വെഹിക്കിൾസ് | .. | .. | .. | .. | 9.05 |
| 26 | പ്രോസസിംഗ് ഓഫ് ആരോഗ്യപച്ച | .. | .. | .. | .. | .. |
| 27 | ഇൻഷ്വറൻസ് സ്കീം ഫോർ എസ്റ്റേറ്റ്സ് | .. | .. | .. | .. | .. |
| 28 | എം.ആർ.എസ്. കോട്ടയം | .. | .. | .. | .. | 9.92 |
| 29 | എം.ആർ.എസ്. പുനലൂർ | .. | .. | .. | .. | 8.35 |



LIBRARY ARCHIVES Kerala Legislative Assembly

## അനുബന്ധം III 'എ'

**[1-3-2001-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 21(*199)-ന്റെ 'സി' ഉത്തരം ദയവായി കാണുക]**

പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി എല്ലാ മാസവും ജില്ലാ/സംസ്ഥാന തലങ്ങളിൽ യോഗം കൂടി വിലയിരുത്തുന്നുണ്ട്. ജില്ലാതലത്തിൽ ഇതിനായി ജില്ലാതല പട്ടികജാതി-പട്ടികവർഗ്ഗവികസന സമിതി ജില്ലാതല പ്ലാനിംഗ് കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജില്ലാ കളക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് തദ്ദേശ സ്ഥാപനങ്ങളിലെ എസ്.സി.പി./റ്റി.എസ്.പി. ഗ്രാന്റ് ഇൻ എയ്ഡിന്റെ വിനിയോഗം സംബന്ധിച്ച് പുരോഗതി അവലോകനം ചെയ്യുന്നുണ്ട്. സംസ്ഥാനതലത്തിൽ പട്ടികജാതി വികസന ഡയറക്ടറും പട്ടികജാതി-പട്ടികവർഗ്ഗ വികസന സെക്രട്ടറിയും വകുപ്പുമന്ത്രിയും പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ സംസ്ഥാന ഉപദേശക സമിതി ക്ഷേമ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തി നിർദ്ദേശങ്ങൾ നല്കാറുണ്ട്.

പട്ടികവർഗ്ഗക്കാർക്കായി നടപ്പാക്കുന്ന പദ്ധതികളുടെ പ്രയോജനം അവർക്ക് തന്നെ ലഭിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുവാനായി പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ ഫീൽഡ് ലെവൽ പരിശോധന നടത്തുന്ന സംവിധാനം നിലവിലുണ്ട്. കൂടാതെ പദ്ധതി ജില്ലാതലത്തിൽ ഡിസ്ട്രിക്റ്റ് ലവൽ കമ്മിറ്റിയുടെ പരിശോധനയ്ക്കും വിധേയമാക്കുന്നുണ്ട്. ഇക്കാര്യത്തിൽ പ്ലാനിംഗ് ബോർഡ്, കിർത്താഡ്സ് തുടങ്ങിയവയും ഇവാല്യുവേഷൻ പഠനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനതലത്തിൽ ഡയറക്ടറും വകുപ്പുമന്ത്രിയും പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തു പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly